**സബ്മിഷൻ**

ധനലക്ഷ്മി ബാങ്ക് ഓഫീസർമാരുടെ സമരം

മി. ചെയർമാൻ: ശ്രീ. തേറമ്പിൽ രാമകൃഷ്ണനും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ആൾ ഇൻഡ്യാ ബാങ്ക് ഓഫീസേഴ്സ് ഫെഡറേഷന്റെ ദേശീയ വൈസ് പ്രസിഡന്റും സംസ്ഥാന പ്രസിഡന്റും ധനലക്ഷ്മി ബാങ്ക് ഓഫീസേഴ്സ് ഓർഗനൈസേഷന്റെ ജനറൽ സെക്രട്ടറിയുമായ ശ്രീ. പി. വി. മോഹനനെ 2015 ജൂൺ 11-ന് മാനേജ്മെന്റ് പിരിച്ചുവിട്ടിരിക്കുകയാണ്. റിട്ടയർ ചെയ്യാൻ 8 മാസം ബാക്കിയുള്ള ഒരു ട്രേഡ് യൂണിയൻ നേതാവിനെ യാതൊരു കാരണവുമില്ലാതെ അന്വേഷണംപോലും നടത്താതെയാണ് പിരിച്ചുവിട്ടിരിക്കുന്നത്. ധനലക്ഷ്മി ബാങ്ക് മാനേജ്മെന്റിന്റെ ട്രേഡ് യൂണിയൻ വിരുദ്ധ നിലപാടും ജനാധിപത്യ വിരുദ്ധ നടപടിയുമാണ് ഈ പിരിച്ചുവിടലിലൂടെ പുറത്തുവന്നിരിക്കുന്നത്. ഒരു ജീവനക്കാരനെ പിരിച്ചുവിട്ടാൽ അയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളൊന്നുംതന്നെ ലഭിക്കുകയില്ല. ആയതിനാൽ ഈ പിരിച്ചുവിടൽ മനുഷ്യത്വരഹിതമാണ്. ഇതിൽ പ്രതിഷേധിച്ച് ധനലക്ഷ്മി ബാങ്ക് ഓഫീസേഴ്സ് ഓർഗനൈസേഷൻ ജൂൺ 11 മുതൽ അനിശ്ചിതകാല പണിമുടക്ക്

നടത്തിവരികയാണ്. ഈ സമരത്തിന് അനുഭാവപൂർവ്വമായി ജൂൺ 12-ന് സംസ്ഥാനത്തെ ബാങ്ക് ഓഫീസേഴ്സ് ഒന്നടങ്കം പണിമുടക്ക് നടത്തുകയും ചെയ്തു. എന്നിട്ടും മാനേജ്മെന്റ് ചർച്ചയ്ക്ക് തയ്യാറാകുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കേരള സർക്കാരിന്റെ ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളുടെയും അക്കൗണ്ട് ഈ ബാങ്കിലാണ്. തൊഴിലാളി വിരുദ്ധ നിലപാടെടുക്കുന്ന മാനേജ്മെന്റിനോട് സർക്കാർ കാണിക്കുന്ന മൃദുല സമീപനമാണ് അവരുടെ ഈ ധാർഷ്ട്യത്തിന് ആധാരം. ആയതിനാൽ സർക്കാർ അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണമെന്നും ശ്രീ. പി. വി. മോഹനനെ തിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സമരം ചെയ്യുന്ന യൂണിയന്റെ അംഗങ്ങൾ വന്ന് എന്നെ കണ്ട് ഇടപെടണമെന്ന് പറഞ്ഞു. ഇടപെടാമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. പക്ഷെ ഇതിൽ ഗവൺമെന്റിന് ഷെയർ ഒന്നുമില്ല. ഗവൺമെന്റിന് ഇടപെടുന്നതിന് വളരെയേറെ പരിമിതികളുണ്ട്. എന്നാലും നമ്മുടെ കേരളത്തിലെ ഒരു സ്ഥാപനം എന്നുള്ള നിലയിൽ അതിൽ ഇടപെടും. സംസ്ഥാന ഗവൺമെന്റ് മൃദുല സമീപനമാണ് സ്വീകരിക്കുന്നതെന്ന് അങ്ങ് പറഞ്ഞത് തെറ്റാണ്. ഗവൺമെന്റിന് എന്തുചെയ്യാൻ സാധിക്കും? ഗവൺമെന്റിന് പരിമിതികളുണ്ട്. ഈ സമരത്തിന്റെ പേരിൽ

ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ശ്രമിച്ചത് ശരിയായില്ല. ഇടപെടാമെന്ന് ഞാൻ അവരോട് പറഞ്ഞിട്ടുണ്ട്. ഇടപെടാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, യാതൊരു ബാദ്ധ്യതയുമില്ലാത്ത തരത്തിലുള്ള പിരിച്ചുവിടലാണ് നടത്തിയിരിക്കുന്നത്. ലേബർ ഡിപ്പാർട്ടുമെന്റുവഴി കർശനമായും അതിന് നടപടി എടുക്കാവുന്നതാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് സെൻട്രൽ ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്നതാണ്. അങ്ങ് അവിടെ പറയണം.

കടലാക്രമണ പ്രതിരോധ നടപടി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തിലെ തീരദേശ പ്രദേശങ്ങളിൽ അതിശക്തമായ കടലാക്രമണം തുടരുകയാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 9 ജില്ലകളിൽ ഏകദേശം... ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ ഹരിപ്പാട് അടക്കം, അദ്ദേഹം അവിടെയിരുന്ന് അത് വികാരപരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. മുന്നിലിരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് സബ്മിഷൻ അവതരിപ്പിക്കാൻ പറ്റില്ല എന്നതുകൊണ്ട് ആവേശകരമായ പിന്തുണ നൽകുകയാണ്. കേരളത്തിന്റെ എല്ലാ തീരപ്രദേശത്തും, തിരുവനന്തപുരം മുതൽ കാസർഗോഡ് എത്തുന്നതുവരെയുള്ള....

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം, ഇന്ന് രാവിലെ മലപ്പുറം ജില്ലയിലെ പൊന്നാനി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കടൽ കരയിലേയ്ക്ക് വന്ന് വീടുകളടക്കം പൂർണ്ണമായും എടുത്തുകൊണ്ടുപോവുകയാണ്. ഇത്തരത്തിൽ തുടരുകയാണെങ്കിൽ ചെല്ലാനം പഞ്ചായത്തിന്റെ പടിഞ്ഞാറേ മേഖലയിലെ വാർഡുകളൊന്നും ഇല്ലാതെയായി മാറും. ആ പഞ്ചായത്ത് തന്നെ ഇല്ലാതാകും. മുൻ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ സ്ഥലമാണിത്. ഇതുപോലെ കേരളത്തിലെ മുഴുവൻ തീരപ്രദേശങ്ങളിലും അതിരൂക്ഷമായ കടലാക്രമണമാണ്. ജനപ്രതിനിധികൾക്കും കളക്ടർ ഉൾപ്പെടെയുള്ള റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കും അങ്ങോട്ട് ചെല്ലാൻ പറ്റുന്നില്ല. കടൽഭിത്തി കെട്ടാൻ വേണ്ടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്കും അങ്ങോട്ട് ചെല്ലാൻ സാധിക്കുന്നില്ല. പള്ളികളും ക്ഷേത്രങ്ങളുമുൾപ്പെടെയുള്ള ആരാധനാലയങ്ങളടക്കം കടലെടുത്തുകൊണ്ടുപോയി. നിരവധി മത്സ്യത്തൊഴിലാളികൾ വീടും ഭൂമിയും നഷ്ടപ്പെട്ട് അഭയകേന്ദ്രങ്ങളിലാണ്. അഭയകേന്ദ്രങ്ങളില്ലാത്തവർ മറ്റു പല സ്ഥലങ്ങളിലേയ്ക്കും പോകേണ്ടിവരുന്നു. കേരളത്തിൽ മറ്റൊരിടത്തും കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ ഇത്രയും രൂക്ഷമായ കടലാക്രമണം ഉണ്ടായിട്ടില്ല. മൺസൂൺ മാസത്തിൽ കടലാക്രമണം ഉണ്ടാകാറുണ്ട്. മൂന്നു സീസണിലാണ് നമ്മുടെ

കടലോരത്ത് കടലാക്രമണം ഉണ്ടാകുന്നത്. പക്ഷേ കഴിഞ്ഞ 15 വർഷത്തെ കടലാക്രമണത്തിന്റെ തോത് എടുത്തുനോക്കിയാൽ എറ്റവും രൂക്ഷമായ കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നൊരു സന്ദർഭമാണിത്. ഏറ്റവും സങ്കടകരമായ കാര്യം കേന്ദ്ര ഗവൺമെന്റ് പ്രകൃതിക്ഷോഭത്തിന്റെ പട്ടികയിൽ കടലാക്രമണത്തെ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്തായാലും ഇപ്പോഴത്തെ ബി.ജെ.പി. - എൻ.ഡി.എ. ഗവൺമെന്റുകളുടെ കാലത്തായാലും... ഈ നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെട്ട് മുഖ്യമന്ത്രിമാർ ഉൾപ്പെടെയുള്ള ആളുകൾ കേന്ദ്രത്തിൽ പോയി പറഞ്ഞിട്ടും കേന്ദ്ര ഗവൺമെന്റ് പ്രകൃതിക്ഷോഭത്തിൽ കടലാക്രമണം ഉൾപ്പെടുത്തുന്നില്ല. നമ്മുടെ കടലോരം ഇന്ത്യയുടെ അതിർത്തി പ്രദേശമാണ്. അതിർത്തി പ്രദേശം കാത്തുസൂക്ഷിച്ച് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സഹായം നൽകുന്നതുപോലെ കേന്ദ്രത്തിൽനിന്നും സഹായം ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് കരുതലിന്റെയും വികസനത്തിന്റെയും ആളാണ്. അങ്ങയുടെ കരുതലും വികസനവുമെന്നുള്ള പ്രഖ്യാപിത നയത്തിനുള്ള അംഗീകാരമാണല്ലോ ഇന്ന് അരുവിക്കരയിലുണ്ടായ വമ്പിച്ച വിജയം. അതിനുവേണ്ടി മുന്നിൽനിന്നു നയിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. വികസനവും

കരുതലും എന്ന അങ്ങയുടെ പ്രഖ്യാപിതമായ സോഷ്യൽ കമ്മിറ്റ്മെന്റിന്റെ ഭാഗമായിട്ടുള്ള ഇടപെടൽ ഈ തീരപ്രദേശത്ത് കുറേക്കൂടി... കേന്ദ്രഗവൺമെന്റ് സഹായത്തിന് കാത്തുനിൽക്കാതെ എവിടെനിന്നെങ്കിലും പണം കണ്ടെത്തി സംസ്ഥാന ഗവൺമെന്റ് രണ്ട് തരത്തിൽ ഇതിൽ ഇടപെടണം. ഒന്ന് അടിയന്തരമായി ചെയ്യേണ്ട നടപടികൾ - ചില സ്ഥലങ്ങളിൽ അടിയന്തരമായി കരിങ്കല്ലിട്ട് കടൽഭിത്തി ശക്തിപ്പെടുത്തണം, മറ്റൊന്ന് മൺചാക്കുകൾ നിറച്ച് ചിലയിടത്ത് സംരക്ഷണം ഏർപ്പെടുത്തണം. ഇപ്പോൾത്തന്നെ നിലവിലുള്ള കടൽഭിത്തികൾ തകർത്ത് അതിന്റെ മുകളിലൂടെയാണ് കടൽ കരയിലേയ്ക്ക് വരുന്നത്. കടൽഭിത്തി ഇല്ലാത്ത സ്ഥലത്തുമാത്രമല്ല, ഉള്ള കടൽഭിത്തിപോലും മറികടന്നുകൊണ്ട് അതിന്റെ മുകളിലൂടെയാണ് കടൽ കരയിലേയ്ക്ക് വരുന്നത്. ഓരോ ദിവസവും എല്ലാ ജില്ലകളിലേയും പ്രാദേശിക പത്രങ്ങളിൽ ഇതിനെ സംബന്ധിച്ചുള്ള ദയനീയമായ ചിത്രങ്ങളാണ് കാണുന്നത്. അതുകൊണ്ട് ഹ്രസ്വകാലാടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടങ്ങളേയും റവന്യൂ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകളേയും ഇടപെടുത്തി കടലാക്രമണത്തെ പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ പ്രദേശങ്ങളിൽ അടിയന്തരസഹായങ്ങൾ നൽകണം. കടൽഭിത്തി കെട്ടി അവിടെ താൽക്കാലിക ശമനത്തിനുവേണ്ടിയുള്ള ഏർപ്പാടുണ്ടാക്കണം. ദീർഘകാല അടിസ്ഥാനത്തിൽ

ഇവിടെ പുലിമുട്ടുകൾ തീർത്തുകൊണ്ട്.... അത്തരത്തിലൊരു മോഡൽ കൊച്ചി കോർപ്പറേഷൻ പ്രദേശത്തുള്ള ഫോർട്ട് കൊച്ചിയിലെ ഐ.എൻ.എസ്. ദ്രോണാചാര്യയിൽ ചെയ്തിട്ടുണ്ട്. ആ മാതൃകയിൽ ചെറിയ പുലിമുട്ടുകൾ തീർത്ത് രൂക്ഷമായ കടലാക്രമണമുള്ള സ്ഥലങ്ങളിൽ കടൽഭിത്തി ഉണ്ടാക്കിയാൽ കടലും കടൽക്കരയും, അവിടെയുള്ള വീടുകളും ആളുകളും രക്ഷപ്പെടും, മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനമുണ്ടാകും.

തീരദേശ ജനതയുടെ അതീവ ഗുരുതരമായൊരു ആശങ്കയാണിത്. ഗവൺമെന്റ് ഇക്കാര്യത്തിൽ കുറച്ചുകൂടി അടിയന്തരമായി ഇടപെടണം. കേന്ദ്രസഹായം കാത്തുനിൽക്കരുത്. കേരള ഗവൺമെന്റുതന്നെ ഏതെങ്കിലും അടിയന്തര ഘട്ടത്തിൽ ഉപയോഗിക്കുന്ന ഫണ്ടുകളുപയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ ഇതിൽ ഇടപെടാൻ തയ്യാറാകണം. പല സ്ഥലത്തും കളക്ടർമാർ തടഞ്ഞുവച്ചിരിക്കുകയാണ്. റവന്യൂ ഉദ്യോഗസ്ഥർ തടയുകയാണ്. തീരപ്രദേശത്തുള്ള എം.എൽ.എ.-മാർ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുണ്ട്. അവർക്കാർക്കും പലപ്പോഴും അങ്ങോട്ട് ചെല്ലാൻ കഴിയുന്നില്ല. അത്രമാത്രം ജനങ്ങൾ.. അതിൽ രാഷ്ട്രീയവും മതവും ജാതിയുമില്ല. എല്ലാവരും അത്രമാത്രം ആശങ്കയിലാണ്. സ്വന്തം ജീവനേയും സ്വത്തിനേയും പ്രകൃതി കവർന്നെടുത്തുകൊണ്ടുപോകുമ്പോൾ ഏത് ആളുകൾക്കാണ്

സഹിക്കാൻ കഴിയുക. പാവപ്പെട്ട തീരദേശവാസികൾ നിസ്സഹായരായി നോക്കി നിൽക്കുകയാണ്. കടൽ രൂക്ഷമായിട്ട് അടിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാല അടിസ്ഥാനത്തിലും ഈ കാര്യത്തിൽ ഇടപെടണം. മുഖ്യമന്ത്രി തീരദേശ എം.എൽ.എ.മാരുമായി അടിയന്തരമായി ആശയവിനിമയം നടത്തണം. കടൽക്ഷോഭവും കടലാക്രമണവും ഉള്ളതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ സാധിക്കുന്നില്ല. അതിനാൽ ഇത്തരത്തിലുള്ള തീരപ്രദേശങ്ങളിൽ സൗജന്യറേഷൻ ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ ഉന്നയിച്ച പ്രശ്നം കേരളം ഇന്ന് നേരിടുന്ന ഏറ്റവും രൂക്ഷമായ ഒരു പ്രശ്നമാണ്. ഇപ്പോഴത്തെ കടലാക്രമണത്തെകുറിച്ചുമാത്രമല്ല ഉത്കണ്ഠയുള്ളത്. തെക്കൻ അതിർത്തി മുതൽ വടക്കേ അതിർത്തി വരെ നീണ്ടുകിടക്കുന്ന നമ്മുടെ തീരപ്രദേശത്താകെ തുടർച്ചയായുണ്ടാകുന്ന കടലാക്രമണം മൂലം നേരിടുന്ന വെല്ലുവിളി സംസ്ഥാന ഗവൺമെന്റിനുമാത്രമായി നേരിടാൻ പറ്റാത്ത വിധത്തിലുള്ള വിപുലമായൊരു പ്രശ്നമാണ്. ഇപ്പോൾ പ്ലാനിംഗ് കമ്മീഷൻ മാറി നീതി ആയോഗ്

വന്നു. അതിന്റെ പ്രവർത്തന രീതികളെകുറിച്ചൊക്കെ പഠിക്കാനുണ്ടാക്കിയ മുഖ്യമന്ത്രിമാരുടെ സബ്കമ്മിറ്റിയിൽ എന്നെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ യോഗങ്ങളിലെല്ലാം തന്നെ ഞാൻ പറഞ്ഞ ഒരു കാര്യം - ഓരോ സ്റ്റേറ്റിനും സ്റ്റേറ്റുകളുടേതായ ചില പ്രത്യേക പ്രശ്നങ്ങളുണ്ടെന്നും ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രത്തിൽ നിന്ന് ഒരു പ്രത്യേക സഹായം ഉണ്ടാകണമെന്നുമാണ്. കേരളത്തിന്റെ പ്രത്യേക പ്രശ്നം നമ്മുടെ തീരപ്രദേശം സംരക്ഷിക്കുക എന്നുള്ളതാണ്. അതിർത്തി സംരക്ഷണത്തിനുവേണ്ടി ലക്ഷക്കണക്കിന് രൂപയാണ് കേന്ദ്രഗവൺമെന്റ് ചെലവഴിക്കുന്നത്. അതിൽ ഒരു തർക്കവുമില്ല. പക്ഷേ അതുപോലെത്തന്നെ പ്രാധാന്യമർഹിക്കുന്നതാണ് ഈ സമുദ്രതീരം. ഇന്ന് നമുക്ക് ആയിരക്കണക്കിന് ഏക്കർ സ്ഥലമാണ് നഷ്ടപ്പെടുന്നത്. സെക്യൂരിറ്റി പ്രശ്നമായിട്ടും അത് ഇന്നിപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. ഈ ഒരു സാഹചര്യത്തിൽ കേരളത്തിന്റെ ഒരു പ്രത്യേക പ്രശ്നമായി കണ്ടുകൊണ്ട് ഇതിന് സാമ്പത്തിക സഹായം വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. തുടർന്നും ആ ഒരു നിലപാട് തന്നെയാണ് എടുക്കുന്നത്. ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം വളരെ രൂക്ഷമാണ്. ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞ പ്രശ്നം വളരെ ഗുരുതരമായിട്ടുള്ള സംഗതിയാണ്. പൊന്നാനിയിൽ നിന്നുള്ള സഹപ്രവർത്തകരാണ് ഇന്ന് വെളുപ്പിന് എന്നെ വിളിച്ചുണർത്തി

കടലാക്രമണത്തെകുറിച്ചുള്ള വിവരം പറയുന്നത്. ഞാൻ അപ്പോൾതന്നെ ഉദ്യോഗസ്ഥരെ വിളിച്ചുപറഞ്ഞ് ചില നടപടികൾ എടുത്തിട്ടുണ്ട്. ഇന്ന് അസംബ്ലിയിലെ സീറോ അവർ കഴിഞ്ഞയുടൻതന്നെ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചിട്ടുണ്ട്. നാളെ ഈ സഭയിലെ തീരപ്രദേശത്തുള്ള നിയോജകമണ്ഡലങ്ങളിലെ എല്ലാ എം.എൽ.എ.മാരെയും വിളിച്ചുകൂട്ടി ഈ കാര്യങ്ങൾ ചർച്ച ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും എല്ലാവരും കൂടിയിരുന്ന് ചർച്ച ചെയ്ത് നമുക്ക് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഒരു തീരുമാനം എടുക്കാനും അത് നടപ്പിലാക്കാനുമായിട്ടുള്ള പ്രശ്നങ്ങളുണ്ട്. നമുക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ വരുന്ന ഒരു പ്രശ്നം സാമ്പത്തികം തന്നെയാണ്. പക്ഷേ സാമ്പത്തികം ഇല്ല എന്നുപറഞ്ഞുകൊണ്ട് ഒരു പ്രവർത്തനവും തടസ്സപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. പക്ഷേ അതിനുശേഷം വരുന്ന ബുദ്ധിമുട്ടുകൾ എന്താണെന്ന് വച്ചാൽ നമുക്ക് അടിയന്തരമായി ഇപ്പോൾ വലിയ പാറകഷ്ണങ്ങളാണ് വേണ്ടത്. അത് കിട്ടുന്നതിനുള്ള പരിമിതികൾ വളരെയധികമാണ്. പല സ്ഥലങ്ങളിലും കിട്ടുന്നില്ല. കിട്ടുന്നതിന് വരുന്ന കാലതാമസം, അത് പൊട്ടിക്കുന്നതിനുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ ഒരു വശത്ത് കിടക്കുന്നു. അതോടൊപ്പംതന്നെ ശാശ്വതമായ ഒരു പരിഹാരം

എന്നുപറഞ്ഞ് ഇപ്പോൾ നമ്മൾ അംഗീകരിച്ചിട്ടുള്ള ഒരു മോഡൽ പുലിമുട്ടുകളാണ്. ആ പുലിമുട്ടുകളുടെ കാര്യത്തിൽ ഐ.ഐ.ടി.-യിൽനിന്നുള്ള അവരുടെ ഡിസൈനും കാര്യങ്ങളുമൊക്കെ എടുക്കുന്നതിന് വളരെയധികം സമയമെടുക്കും. ഇങ്ങനെയുള്ള പരിമിതികൾ വളരെയധികമുണ്ട്. എന്നാലും ജനപ്രതിനിധികളാണ് ഈ കാര്യത്തിൽ ഇന്ന് ഏറ്റവുമധികം ബുദ്ധിമുട്ടുന്നത് എന്നെനിക്കറിയാം. അതുകൊണ്ട് അവരെക്കൂടി വിളിച്ച് അവരുമായി ചർച്ച ചെയ്തുകൊണ്ട് ഒരു തീരുമാനം എത്രയും വേഗത്തിൽ തന്നെ എടുക്കും. ഇന്നുതന്നെ ഞാൻ ഉദ്യോഗസ്ഥൻമാരുമായും ബന്ധപ്പെട്ട മന്ത്രിമാരുമായും ചർച്ച നടത്തും. നാളെ ജനപ്രതിനിധികളേയും വിളിച്ചുകൂട്ടുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ പ്രശ്നം അതീവ ഗൗരവമായിട്ട് തന്നെയാണ് എടുത്തിരിക്കുന്നത്.

<u>അന്ധയുവാക്കളുടെ ദുരൂഹ മരണം</u>

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ശനിയാഴ്ച ദിവസം വൈകുന്നേരം വർക്കലയിൽവച്ചു നടന്ന അന്ധരുടെ ഒരു യോഗത്തിൽ പങ്കെടുത്ത് മടങ്ങിയ രണ്ട് യുവാക്കളുടെ മൃതദേഹം കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോമിൽ കണ്ടെത്തുകയുണ്ടായി. വർക്കല അന്ധവിദ്യാലയത്തിൽ ദിശ ചാരിറ്റബിൾ സൊസൈറ്റി ഫോർ ബ്ലൈൻഡിന്റെ ആദ്യ പൊതുസമ്മേളനത്തിൽ പങ്കെടുക്കാൻ

എത്തിയതാണ് ഇരുവരും. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട തിരുവല്ല കുളക്കാട് കട്ടപ്പുറത്ത് കുഞ്ഞുമോൻ എന്നയാളുടെ മകൻ 26 വയസ്സുള്ള ജിജോ കെ. വർഗ്ഗീസും സീതത്തോട് സീതക്കുഴി വേങ്ങവിള വീട്ടിൽ പൊടിയന്റെ മകൻ 31 വയസ്സുള്ള ഷാജി ഡാനിയേലുമാണ് ഇത്തരത്തിൽ മരണപ്പെട്ട് കാണപ്പെട്ടത്. ശനിയാഴ്ച രാത്രി റെയിൽവേ സ്റ്റേഷന്റെ രണ്ടാം പ്ലാറ്റ്ഫോമിൽ ഷാജി ഡാനിയേലിന്റെ ശവശരീരം കണ്ടു എന്നാണ് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന് അപ്പോൾ ജീവൻ ഉണ്ടായിരുന്നു. ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിക്കോ ആശുപത്രിയിൽ എത്തിയിട്ടോ ആദ്ദേഹം മരണപ്പെട്ടു. അതേ പ്ലാറ്റ്ഫോമിൽ പിറ്റേ ദിവസം രാവിലെയാണ് ജിജോ കെ. വർഗ്ഗീസിന്റെ ശവശരീരം വേർപെട്ട നിലയിൽ കാണുന്നത്. ട്രാക്കിലായിരുന്നുവെങ്കിൽ വാഹനം ഇടിച്ചു മരിച്ചു എന്ന് ധരിക്കാം. പക്ഷേ പ്ലാറ്റ്ഫോമിൽ ഒരു ശവശരീരം വൈകുന്നേരവും മറ്റേ ശവശരീരം പിറ്റേദിവസം രാവിലെയും കണ്ടെത്തിയപ്പോൾ ഇതിലധികം ദുരൂഹതയുണ്ട്. അന്ധരുടെ സമ്മേളനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ.. ആ സംഘടനയുടെ ആദ്യത്തെ യോഗമാണ്. അതിന്റെ സ്ഥാപകനും സെക്രട്ടറിയുമാണ് എന്റെ മണ്ഡലത്തിലെ ജിജോ കെ. വർഗ്ഗീസ്. എനിക്ക് വ്യക്തിപരമായി അറിയുന്ന ഒരു ചെറുപ്പക്കാരനാണ്. ഇദ്ദേഹം സാധാരണ യാത്ര ചെയ്യുന്നത് 30 ശതമാനം കാഴ്ച

ശക്തിയുള്ള ഷാജി ഡാനിയേലിന്റെ സഹായത്തോടുകൂടിയാണ്. അവർ സുഹൃത്തുക്കളായിരുന്നു. അതുകൊണ്ടുതന്നെ ഈ മരണത്തിൽ.... രണ്ടുനേരമായി ഒരേ പ്ലാറ്റ്ഫോമിൽ ശവശരീരം കണ്ടു എന്നതിൽ ഒരു ദുരൂഹതയുണ്ട്. പോലീസ് ആണ് അത് അന്വേഷിക്കേണ്ടത്. ഇതിൽ ആരെങ്കിലും കുറ്റവാളികളുണ്ടെങ്കിൽ അവരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള സമഗ്ര അന്വേഷണം നടത്തി ബന്ധുക്കളെ വിവരം അറിയിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഞാൻ ഈ സബ്മിഷന്റെ കോപ്പി വച്ചിട്ടുണ്ട്. അദ്ദേഹത്തോട് പറയുന്നതിനു കാരണം തീരെ പാവപ്പെട്ട വീട്ടിൽപ്പെട്ട ആളാണ് എന്റെ മണ്ഡലത്തിലെ ജിജോ കെ. വർഗ്ഗീസ്. സമാനമായ സാഹചര്യമാണ് സീതത്തോടിലെ ഷാജി ഡാനിയേലിന്റെ ഭവനത്തിലുമുള്ളത്. ഇവർ അന്ധരായിരുന്നു എന്നും അവരുടെ കുടുംബങ്ങൾ വലിയ സാമ്പത്തിക പരാധീനതയിലാണെന്നുമുള്ള കാര്യവും പരിഗണിച്ച് ഒരു സാമ്പത്തിക സഹായം കൂടി പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻചാണ്ടി</u>): സർ, ബഹുമാനപ്പെട്ട മെമ്പർ മാത്യു.റ്റി.തോമസ് ഇവിടെ ഉന്നയിച്ച പ്രശ്നം വളരെയധികം വേദനാജനകമായിട്ടുള്ള ഒരു സംഭവമാണ്. തൃശ്ശൂരിൽ കാഴ്ചയില്ലാത്ത രണ്ടുപേർ വളരെ വേദനാജനകമായി ബസ്സ് മുട്ടി മരിച്ചു, ആ ദു:ഖം തീരുന്നതിനുമുൻപാണ് കാഴ്ചയില്ലാത്ത രണ്ടുപേർ മരിച്ച

സംഭവമുണ്ടായത്. റെയിൽവേ സ്റ്റേഷനിൽ വച്ചുണ്ടായ ആ സംഭവത്തിൽ അങ്ങേയറ്റം ദു:ഖം രേഖപ്പെടുത്തുകയാണ്. തൃശ്ശൂർ ട്രാൻസ്പോർട്ട് സ്റ്റാൻഡിൽ വച്ചുണ്ടായ സംഭവത്തെ തുടർന്ന്, അന്ധരായിട്ടുള്ളവരുടെ യാത്രയ്ക്ക് സഹായകരമായിട്ടുള്ള എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ പറ്റും എന്നുള്ളത് പ്രത്യേകമായി ആലോചിച്ച് വരികയാണ്. അവർക്ക് യാത്രയ്ക്ക് കുറച്ചുകൂടി സുരക്ഷിതമായി പോകാൻ സാധിക്കത്തക്കവണ്ണമുള്ള ചില എക്യുപ്മെന്റ്സ് ഉണ്ട് എന്നു മനസ്സിലാക്കാൻ പറ്റും. അത് ഗവൺമെന്റിന്റെ ചിലവിൽ വാങ്ങിക്കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അത് ഏറ്റവും വേഗത്തിൽ ചെയ്യാൻ വേണ്ടി ഒരു ചർച്ച നടന്നുകഴിഞ്ഞു. ഈ സംഭവത്തിൽ ദുരൂഹതയുണ്ട് എന്നു പറഞ്ഞപ്പോൾ ഞാൻ പോലീസിന്റെ റിപ്പോർട്ട് വരുത്തി. അവർ എല്ലാ അന്വേഷണവും നടത്തിയതിനുശേഷം തന്നിരിക്കുന്ന റിപ്പോർട്ടിൽ അങ്ങനെ സംശയത്തിനിടയില്ല, ഡോക്ടർമാർ നൽകിയ റിപ്പോർട്ടിൽ ട്രെയിൻ മുട്ടിയാൽ ഉണ്ടാകാവുന്ന പരിക്കുകളാണ് രണ്ടുപേർക്കും ഉള്ളത് എന്നാണ് പറഞ്ഞിരിക്കുന്നത്. ട്രെയിൻ മുട്ടി ഒരാൾ ട്രാക്കിലേക്ക് വീണു, മറ്റേയാൾ പ്ലാറ്റ്ഫോമിലേക്ക് വീണു എന്നുള്ളതാണ് ഇപ്പോഴത്തെ നിഗമനം. ഏതായാലും ദുരൂഹതയില്ല എന്ന റിപ്പോർട്ടാണ് പ്രാഥമികമായി തന്നിട്ടുള്ളത്.

ശ്രീ. മാത്യു റ്റി.തോമസ്: സർ, ശനിയാഴ്ച വൈകുന്നേരം ഒരു ശവശരീരം കാണുകയും മറ്റേ ശവശരീരം ഞായറാഴ്ച രാവിലെ പ്ലാറ്റ്ഫോമിൽ കാണുകയും ചെയ്തു എന്നാണ് പത്രവാർത്ത. അതുകൊണ്ടാണ് അതിൽ സംശയങ്ങൾ വർദ്ധിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, പിറ്റേദിവസം ട്രാക്കിലാണ് കണ്ടത്, ആദ്യത്തേത് ആളുകൾ പ്ലാറ്റ്ഫോമിലേക്ക് വീണതേ കാണുന്നുള്ളൂ, മറ്റേത് കാണുന്നില്ല. അങ്ങനെയാണ് വന്നിരിക്കുന്നത്. സാമ്പത്തിക സഹായത്തെക്കുറിച്ച് പറഞ്ഞു, രണ്ട് കുടുംബങ്ങളോടും അങ്ങേയറ്റത്തെ സഹതാപമുണ്ട്. രണ്ട് കുടുംബങ്ങൾക്കും 5 ലക്ഷം രൂപവീതം കൊടുക്കുന്നതായിരിക്കും.

## ആർ.ഒ.ആർ നടപ്പിലാക്കിയതിലെ പ്രശ്നങ്ങൾ

ശ്രീ. എം.ചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് എവിടേയും നടപ്പിലാക്കാത്ത ഒരു സംവിധാനമാണ് ആലത്തൂർ നിയോജകമണ്ഡലത്തിലെ രണ്ട് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുള്ളത്. ആലത്തൂർ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് ആലത്തൂരും, വടക്കാഞ്ചേരിയും രണ്ട് രജിസ്ട്രാർ ഓഫീസുകളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ രണ്ട് രജിസ്ട്രാർ ഓഫീസുകളിലും ഒരു വസ്തു രജിസ്റ്റർ ചെയ്യണമെങ്കിൽ റിക്കാർഡ് ഓഫ് റൈറ്റ് എന്നു പറയുന്ന രേഖ (ആർ. ഒ. ആർ.) ഹാജരാക്കണം. എങ്കിൽ മാത്രമേ രജിസ്ട്രേഷൻ നടത്തുവാൻ കഴിയുകയുള്ളൂ.

ആർ.ഒ.ആർ. വില്ലേജ് ഓഫീസറുടെ പരിശോധനയ്ക്കുശേഷം തഹസീൽദാർ ആണ് നൽകേണ്ടത്. അതിന് മുൻ ആധാരം വേണം, പോക്കുവരവ് രേഖ വേണം, നികുതി രസീത് വേണം. മറ്റെല്ലാ കാര്യങ്ങളും ഉണ്ടെങ്കിലും ആർ.ഒ.ആർ. ലഭിക്കാൻ വളരെയേറെ പ്രയാസം നേരിടുന്നുണ്ട്. അത്യാവശ്യത്തിന് ഒരു വസ്തു വിൽക്കണമെങ്കിൽ ഇതു കാരണം സാധ്യമല്ലാതെ വന്നിരിക്കുകയാണ്. ആർ.ഒ.ആർ. ലഭിക്കണമെങ്കിൽ എല്ലാ രേഖകളുമുണ്ടെങ്കിലും ചുരുങ്ങിയത് 6 മാസം കാത്തിരിക്കേണ്ട അവസ്ഥയാണ്. ദിവസേന വില്ലേജ് ഓഫീസിലും തഹസിൽദാർ ഓഫീസിലും കയറിയിറങ്ങുകയും വേണ്ടപ്പെട്ടവരെ വേണ്ടതുപോലെ കാണുകയും ചെയ്താൽ മാത്രമേ ഈ ആർ.ഒ.ആർ ലഭിക്കുകയുമുള്ളൂ. ഒരു പെൺകുട്ടിയുടെ കല്യാണത്തിന് വേണ്ടി സ്വന്തം സ്ഥലത്തുനിന്ന് 10 സെന്റ് വിൽക്കണമെന്ന് വിചാരിച്ചാൽ പ്പോലും ഇതുമൂലം കഴിയാത്ത അവസ്ഥയാണുള്ളത്. 2011-ൽ സംസ്ഥാനത്ത് പരീക്ഷണാർത്ഥം ബഹുമാന്യനായ അന്നത്തെ മന്ത്രി ടി. എം. ജേക്കബ്ബ് പാലക്കാട്ട് വച്ചാണ് ഈ രണ്ട് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം ഉത്ഘാടനം ചെയ്തത്. അതിനുശേഷം 4 കൊല്ലം കഴിഞ്ഞിരിക്കുന്നു, ഇതിന്റെ നേട്ടകോട്ടങ്ങളെക്കുറിച്ച് പിന്നീട് ഒരു പരിശോധനയും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് നടത്തിയിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് 310 രജിസ്ട്രാർ ഓഫീസുകൾ

ഉണ്ട്. അതിൽ രണ്ടെണ്ണത്തിൽ മാത്രമാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ആലത്തൂർ മണ്ഡലത്തിലെ ജനങ്ങളെ മാത്രം ബുദ്ധിമുട്ടിച്ചതുകൊണ്ട് രജിസ്ട്രേഷൻ വകുപ്പിന് എന്ത് നേട്ടമാണ് ഉണ്ടാകാൻ പോകുന്നത്? ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തെ സംബന്ധിച്ച് പരിശോധിച്ച് ആർ.ഒ.ആർ. സമ്പ്രദായം നല്ലതാണെങ്കിൽ അത് സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കണം. അല്ലെങ്കിൽ ഈ രണ്ട് രജിസ്ട്രാർ ഓഫീസുകളിൽ നിന്ന് അത് ഇല്ലാതാക്കാൻ വേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, സംസ്ഥാനത്ത് പോക്കുവരവ് ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒരു പുതിയ സംവിധാനം കൊണ്ടുവന്നത്. പോക്കുവരവ് ഓൺലൈൻ ആക്കുക എന്നതാണ് ഗവൺമെന്റ് ലക്ഷ്യം വച്ചിരുന്നത്. ഇത് ആലത്തൂർ, വടക്കാഞ്ചേരിയിലെ രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിലാണ് നടപ്പിലാക്കിയത്. അതിന്റെ പരിധിയിലുള്ള വില്ലേജ് ഓഫീസുകളിലാണ് 2011 ഒക്ടോബർ മാസം മുതൽ ഇത് നടപ്പിലാക്കി ആരംഭംകുറിച്ചത്. ഇതുപ്രകാരം വസ്തു

വിൽക്കുന്ന ആൾ ആ വിവരം കാണിച്ച് വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകുകയും, വില്ലേജ് ഓഫീസർ അപേക്ഷകന് അയാളുടെ വസ്തുവിന് ഉടമസ്ഥാവകാശം തെളിയിക്കുന്ന ആർ.ഒ.ആർ. നൽകുകയും ചെയ്യുന്നു. അപേക്ഷകൻ അക്ഷയകേന്ദ്രത്തിലെത്തി വിൽക്കുന്ന ആളുകളുടെയും, വാങ്ങുന്ന ആളുകളുടെയും വിവരങ്ങളും കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ അളവുകളും അതിരുകളും റെലീസ് സിസ്റ്റത്തിൽ രേഖപ്പെടുത്തുന്നു. തുടർന്ന് ആധാരം രജിസ്ട്രേഷന് ഹാജരാക്കുന്നു. സബ് രജിസ്ട്രാർ ആർ.ഒ.ആർ. സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആധാരം രജിസ്റ്റർ ചെയ്യുകയും, അതു സംബന്ധമായ വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ എന്ന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും, അതോടൊപ്പം വില്ലേജ് ഓഫീസിലുള്ള റെലീസ് എന്ന സോഫ്റ്റ്‌വെയറിൽ സബ്ബ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാർ രേഖപ്പെടുത്തുകയും ചെയ്യുന്നു. ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നാണ് ഇഷ്യൂ ചെയ്യുന്നത്. ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം വന്നാൽ അത് രജിസ്ട്രേഷനെ ബാധിക്കുന്നുണ്ട്. സ്വാഭാവികമായും റവന്യൂ വരുമാനത്തിൽ കുറവ് വരുന്നുണ്ട്. ഈ അപാകതകൾ റവന്യൂ ഡിപ്പാർട്ടുമെന്റുമായി ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. ആ പരിശോധനയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തേണ്ട ഭാഗങ്ങൾ നിർബന്ധമായും

മാറ്റം വരുത്തിയിരിക്കും. റെലീസ് പദ്ധതിയിൽ റവന്യൂ, രജിസ്ട്രേഷൻ വിവരങ്ങൾ വെവ്വേറെയാണ് വന്നിരിക്കുന്നത്, അതാണ് ഇതിന്റെ പ്രോബ്ലം. ഈ രണ്ട് വകുപ്പുകളുടെ പക്കലുള്ള വിവരങ്ങൾ നിർവ്വഹണ തലത്തിൽ തന്നെ സംയോജിപ്പിച്ചുകൊണ്ട് കേന്ദ്രീകൃത രൂപത്തിൽ വിവരശേഖരണം സാധ്യമാക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. രജിസ്ട്രേഷൻ വകുപ്പിന്റെ ആവശ്യങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് സോഫ്റ്റ്‌വെയറിൽ സാങ്കേതികമായ മാറ്റം വരുത്തി, പദ്ധതിക്കായി കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള മാർഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി, പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുന്ന വിഷയങ്ങൾ റവന്യൂ വകുപ്പുമായി ആലോചിച്ച് ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവന്ന് ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകുക എന്നതാണ് ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സാങ്കേതികമായ ചില വിഷയങ്ങളാണ് ഇതിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നത്. ആ വിഷയം ഗവൺമെന്റ് വളരെ ഗൗരവമായി എടുത്തിട്ടുണ്ട്, പരിശോധിച്ച് ആവശ്യമായ റെക്റ്റിഫിക്കേഷൻ നടത്തുന്നതായിരിക്കും.

`

## ഇലക്ട്രിക് പോസ്റ്റുകളും ലൈനുകളും നവീകരിക്കൽ

ശ്രീ. ബെന്നി ബെഹനാൻ: സർ, ഈ വർഷം നമുക്ക് കാലവർഷം വളരെക്കുറവാണ്. അത് നമ്മുടെ വൈദ്യുതി മേഖലയെ ബാധിച്ചിട്ടുണ്ട്. പക്ഷേ കാലവർഷക്കെടുതിക്ക് ഒരു കുറവുമില്ല. അതും നമ്മുടെ വൈദ്യുതിമേഖലയെ വളരെയധികം ബാധിച്ചിട്ടുണ്ട്. ഏകദേശം 1500 കിലോമീറ്റർ LT & HT ലൈനും കാലവർഷക്കെടുതിമൂലം നശിച്ചുപോയിട്ടുണ്ട്. ഏകദേശം 10,000 ഇലക്ട്രിക് പോസ്റ്റുകൾ കാലവർഷക്കെടുതിമൂലം മറിഞ്ഞുപോകുകയും, അപകടനിലയിലുമാണ്. നിരവധി ട്രാൻസ്ഫോർമറുകൾ പോയിരിക്കുന്നു. പലസ്ഥലത്തും വൈദ്യുതി ഇല്ല എന്നുമാത്രമല്ല അപകടങ്ങൾ വർദ്ധിക്കുന്നു. പല സ്ഥലങ്ങളിലും പോസ്റ്റുകൾ മറിഞ്ഞു കിടക്കുന്നതുകൊണ്ടും, വൈദ്യുതി ലൈൻ പൊട്ടികിടക്കുന്നതുകൊണ്ടും അപകടങ്ങൾ നടക്കുന്നു. പ്രസരണ നഷ്ടം ഉണ്ടാകുന്നു, ഉൽപ്പാദനമേഖലയെ ബാധിക്കുന്നു. പലയിടത്തും കഴിഞ്ഞ കുറച്ചു ദിവസങ്ങളായി വൈദ്യുതി ഇല്ലാത്ത അവസ്ഥയുണ്ട്. അടിയന്തിരമായി ഈ കാലവർഷക്കെടുതിയിൽ കേടുപാടുകൾ സംഭവിച്ചിരിക്കുന്ന ഇലക്ട്രിക് ലൈനുകൾ, ട്രാൻസ്ഫോർമറുകൾ, പോസ്റ്റുകൾ എന്നിവ നന്നാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. പലപ്പോഴും പറയുമ്പോൾ പണം ഇല്ല. എം.എൽ.എ മാരുടെ ഫണ്ടിൽ നിന്നും പണം കൊടുക്കണം എന്നൊക്കെ പറയും.

അതുവലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ശാശ്വതമായ പരിഹാരം അണ്ടർഗ്രൗണ്ട് കേബിൾ കൊടുക്കുക എന്നുള്ളതാണ്. അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സ്കീം ഉണ്ട്. സംസ്ഥാന ഗവൺമെന്റ് പട്ടണപ്രദേശങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. എന്തെങ്കിലും അടിയന്തര നടപടി സ്വീകരിച്ച് കാലവർഷക്കെടുതിമൂലം വൈദ്യുതി രംഗത്തുണ്ടായിരിക്കുന്ന ഈ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി(ശ്രീ.ആര്യാടൻ മുഹമ്മദ്): സർ, തെക്കുപടിഞ്ഞാറൻ കാലാവസ്ഥയുടെ കെടുതികളുടെ ഫലമായി ഭയാനകമായ കാറ്റിലും, മണ്ണിടിച്ചിലിലും, മരം വീണും ഇതുപോലുള്ള മറ്റ് പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കിട്ടിയ കണക്കനുസരിച്ച് 11590 പോസ്റ്റുകളും, 121 ട്രാൻസ്ഫോർമറുകളും തകർന്നിട്ടുണ്ട്. അതുപോലെതന്നെ LT & HT ലൈൻ 1800 കിലോമീറ്ററാണ് കമ്പി ഉൾപ്പെടെ തകർന്നുപോയത്. ഇതിന്റെ ഫലമായി ഏകദേശം 11.5 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതെല്ലാം നേരെയാക്കുന്നതിനുള്ള നടപടികൾ ചെയ്തുവരികയാണ്. ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർ രാവും പകലുമില്ലാതെ കഠിനമായ പരിശ്രമമാണ് നടത്തുന്നത്. എന്നാലും ഇക്കാര്യത്തിൽ ചിലർക്കൊക്കെ ആക്ഷേപമുണ്ട്. പല സ്ഥലങ്ങളിലും നാട്ടുകാർ ഇവരോടൊപ്പം കൂടി

സഹായിക്കുന്നുണ്ട്. ഇതിന്റെ ഫലമായി കുറെയൊക്കെ ശരിപ്പെടുത്താൻ സാധിച്ചു. മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലങ്ങളിൽ പ്രവർത്തികൾ നേരെയാക്കാൻ കുറച്ചുകൂടി സമയമെടുക്കും. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ എം.എൽ.എ.മാരുടെ ഫണ്ട് ഇത്തരം പ്രവർത്തികൾക്കായി ചോദിക്കാൻ പാടില്ലായെന്ന് ചൂണ്ടിക്കാണിച്ചു. ആരെങ്കിലും ചോദിച്ചിട്ടുണ്ടെങ്കിൽ അതനെപ്പറ്റി അന്വേഷിക്കാം. ഇതിന് വേണ്ടി സ്പെഷ്യൽ ഫണ്ട് അലോട്ട് ചെയ്ത് നേരെയാക്കുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലങ്ങളിലാണ് ജോലികൾ വേഗത്തിൽ ചെയ്യാൻ പ്രയാസം നേരിടുന്നത്. ഏതായാലും ഈ കാര്യത്തിൽ വളരെയധികം ജാഗ്രത ഡിപ്പാർട്ടുമെന്റ് കാണിക്കുന്നുണ്ട്. പ്രത്യേകിച്ച് ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർ ഞാൻ ഒരിക്കലും വിചാരിക്കാത്തത്ര വേഗത്തിലാണ് ഇതിനുവേണ്ടി അദ്ധ്വാനിക്കുന്നത്. അതിന് പുറമെ കോൺട്രാക്ട് വർക്കേഴ്സിനെയും വച്ചിട്ടുണ്ട്. ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത വിധത്തിലാണ് നാശനഷ്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രകൃതി ക്ഷോഭങ്ങൾമൂലം ഉണ്ടായിട്ടുള്ളത്. അതിൽ ജനങ്ങളുടെ പങ്കാളിത്തം കൂടി ലഭിക്കുന്നുണ്ട്. ഇതിനൊക്കെ പുറമെ ചില സ്ഥലങ്ങളിൽ നിലനിൽക്കുന്ന ആക്ഷേപം അവർ ഫോൺ ചെയ്തുകഴിഞ്ഞാൽ സെക്ഷനിൽ ആരും ഫോൺ എടുക്കുന്നില്ലായെന്നതാണ്. മറ്റാരെങ്കിലും

ലൈനിലാണെങ്കിൽ engaged ആയിരിക്കുന്നതുകാരണം അങ്ങനെ സംഭവിക്കാം. ഈ ഒരു ആക്ഷേപമുള്ളതുകൊണ്ട് ഞങ്ങൾ കുറച്ച് കാലമായി ഇത്തരം പരാതികൾക്ക് മാറ്റം വരുത്താൻ ശ്രമിച്ചതിന്റെ ഭാഗമായി ഒരു കസ്റ്റമർ കെയർ സ്കീമുണ്ടാക്കി അതിന് പ്രത്യേകം ഒരു വെബ്സൈറ്റ് സ്ഥാപിക്കുന്നതിനായി ഏകദേശം 60 കോടിയോളം രൂപ മുടക്കിയിരിക്കുകയാണ്. 1912 എന്ന നമ്പരിൽ എവിടെ നിന്ന് വിളിച്ചാലും ആ കംപ്ലൈന്റ് കമ്പ്യൂട്ടറിൽ രജിസ്റ്റർ ചെയ്യും. എന്നിട്ട് ആ കാൾ ബന്ധപ്പെട്ട സെക്ഷനിലേയ്ക്ക് കൈമാറുകയും ബാക്കിയുള്ള കാര്യങ്ങളെല്ലാം അവർ ഫോളോഅപ് ചെയ്യുകയും ചെയ്യും. 1912 -ൽ വിളിച്ചാൽ കിട്ടുന്നില്ലെങ്കിൽ 0471 2555544 എന്ന നമ്പരിൽ വിളിച്ചാലും ഈ കംപ്ലൈന്റ് രജിസ്റ്റർ ചെയ്യാം. മാത്രമല്ല ഇപ്പോൾ ഓൺലൈൻ വഴി പണമടയ്ക്കുന്നതിനും അതുപോലെ ആപ്ലിക്കേഷൻ കൊടുക്കുന്നതിനുമുള്ള സംവിധാനങ്ങളാണ് ഒരിക്കിയിട്ടുള്ളത്. ഈ സംവിധാനങ്ങളൊക്കെ ഉണ്ടെങ്കിലും പ്രകൃതിക്ഷോഭം മൂലം നഷ്ടപ്പെട്ട കാര്യങ്ങൾ ശരിപ്പെടുത്താൻ വളരെയധികം വേഗത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കുറച്ചൊക്കെ ശരിയായി എങ്കിലും കുറച്ചുകൂടി ബാക്കിയുണ്ട്. അത് അടിയന്തരമായി ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച വിവരം വളരെ ശരിയാണ്. അണ്ടർഗ്രൗണ്ട് കേബിളിംഗിന് വലിയ മുതൽമുടക്ക് ആവശ്യമാണ്.

ഏതായാലും ഇപ്പോൾ അണ്ടർഗ്രൗണ്ട് കേബിളിങ്ങിന് വേണ്ടി R -APDRP സ്കീമിനു വേണ്ടിയുള്ള ശ്രമങ്ങൾ 43 മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലുമായി കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി കഴിഞ്ഞ രണ്ട് കൊല്ലമായി നടത്തിവരുന്നുണ്ട്. ബാക്കിയുള്ള വില്ലേജുകളിൽകൂടി ഇത് എത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. പൂർണ്ണമായി അണ്ടർഗ്രൗണ്ട് കേബിളിംഗ് നടത്തിയാലും ഈ പറയുന്നതിൽ കുറെ മാറ്റങ്ങൾ ഉണ്ടാകും. പക്ഷേ അതിന് ഭീമമായ ഒരു സംഖ്യ ആവശ്യമായിവരും. ക്രമേണയായി അത് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

## ഗവൺമെന്റ് കോളേജിന് അഡീഷണൽ ഫണ്ട്

ശ്രീ. ജി. സുധാകരൻ: സർ, ആലപ്പുഴ ജില്ലയിലെ ഏക ഗവൺമെന്റ് കോളേജ് അമ്പലപ്പുഴ ഗവൺമെന്റ് കോളേജാണ്. 2010-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 2011-ൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ നാല് വർഷം കഴിഞ്ഞു. കോളേജ് കെട്ടിടത്തിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ കാര്യത്തിൽ താൽപ്പര്യം കാണിച്ചിട്ടുണ്ടെന്ന് പറയുവാൻ കഴിയും. പക്ഷേ കോളേജിന്റെ നിർമ്മാണം കഴിഞ്ഞെങ്കിലും കോളേജ് കോമ്പൗണ്ട്, കോമ്പൗണ്ട് വാൾ, ഗേറ്റ്, ലാന്റ് സ്കേപിംഗ്, ലേയിംഗ്, ശുദ്ധജല വിതരണം, കമ്പ്യൂട്ടർ ലാബ് സൗകര്യം എന്നിവ നടപ്പാക്കാത്തതുകൊണ്ട് ഹൈസ്കൂളിൽ നിന്നും

കോളേജിനെ മാറ്റാൻ കഴിയുന്നില്ല. രാജവാഴ്ചക്കാലത്ത് സ്ഥാപിച്ച ഇപ്പോൾ അമ്പലപ്പുഴ ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന കുഞ്ചുപിള്ള സ്മാരക ഹയർസെക്കന്ററി സ്കൂളിലാണ് ഈ കോളേജും പ്രവർത്തിക്കുന്നത്. അത് വളരെ പ്രയാസമുണ്ടാക്കുന്നുണ്ട്. ഭൗതിക സാഹചര്യം ഒരുക്കുന്നതിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായിട്ടുണ്ട്. ഡയറക്ടറുടെ ശ്രദ്ധയിൽ നിരന്തരം പെടുത്തിയെങ്കിലും അഡീഷണൽ ഫണ്ട് വന്നിട്ടില്ലായെന്ന് പറയുന്നു. തീർച്ചയായിട്ടും അങ്ങ് മുൻകൈയെടുത്ത് ഫണ്ട് അനുവദിച്ച് വേഗം അത് പൂർത്തീകരിച്ച് കോളേജ് അങ്ങോട്ട് മാറ്റുകയും, അങ്ങ് തന്നെ വന്ന് അത് ഉദ്ഘാടനം നിർവ്വഹിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുയാണ്. ഒരു കാര്യം കൂടി പറയാം, ഈ ഗവൺമെന്റ് കോളേജിൽ അഡ്മിഷന് വരുന്ന കുട്ടികൾ വളരെ ഉന്നതമായ മാർക്ക് നേടിയിട്ടുള്ള കുട്ടികളാണ്. സാമ്പത്തികമായി ഏറ്റവുമധികം പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണെങ്കിലും വലിയ തലത്തിലുള്ള മാർക്കാണ് നേടിയിട്ടുള്ളത്. ബി.എ. എക്കണോമിക്സിന് 80 ശതമാനത്തിന് താഴെ ആർക്കും അഡ്മിഷൻ കിട്ടുന്നില്ല. അവിടെയുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിൽ ബി.എ.ആർട്സ് വിഷയങ്ങളിൽ 50,000/- രൂപ വരെയാണ് മാനേജ്മെന്റ് ക്വാട്ടയിൽ കൈക്കൂലി വാങ്ങുന്നത്. ബി.എസ്.സി. വിഷയങ്ങൾക്കും കോമേഴ്സ്

വിഷയങ്ങൾക്കും ഒരുലക്ഷം രൂപയാണ് അവിടത്തെ പ്രൈവറ്റ് കോളേജുകൾ കൈക്കൂലി ഇനത്തിൽ വാങ്ങുന്നതെന്നുള്ള വിവരംകൂടി അങ്ങ് അറിഞ്ഞിരിക്കണം. ആ വിഷയത്തിലേയ്ക്ക് കടക്കാനല്ല, മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, ഇടത്തരക്കാർ, കൃഷിക്കാർ എന്നിവരുടെ കുട്ടികൾക്ക് ഒരു പൈസപോലും കൈക്കൂലിയായി നൽകാതെ അവരുടെ അഭിവൃദ്ധിക്കുവേണ്ടിയാണ് ഗവൺമെന്റ് ഈ കോളേജ് ഉണ്ടാക്കിയിട്ടുള്ളത്. അഭിമാനപൂർവ്വം ധീവര, മുസ്ലീം, ലത്തീൻ കുട്ടികൾ അവിടെ പഠിക്കുകയാണ്. ആ കോളേജിനെ അങ്ങ് സഹായിച്ചിട്ടുണ്ട്, കുറച്ച് അനാസ്ഥ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ആനയെ വാങ്ങി വട്ടക്കയർ വാങ്ങിയിട്ടില്ലായെന്നുള്ള സ്ഥിതിയാണ്. അതുകൊണ്ട് അങ്ങ് ഇടപട്ട് വേഗം ഈ സൗകര്യങ്ങൾ ഉണ്ടാക്കുകയും അവിടെ നിന്ന് കോളേജിനെ മാറ്റി ഉദ്ഘാടനം ചെയ്യുന്നതിന് സഹായിക്കുകയും ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി, (<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>): അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും അമ്പലപ്പുഴ തെക്ക് ഗ്രാമപ്പഞ്ചായത്ത് പ്രസ്തുത കെട്ടിടത്തിന്റെ നമ്പരിടൽ റഗുലറൈസേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കെ.എസ്.ഇ.ബി.യിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വൈദ്യുതി

കണക്ഷൻ ലഭിക്കാത്തതിനാലാണ് പുതിയ കെട്ടിടത്തിൽ കോളേജിന് പ്രവർത്തിക്കാൻ സാധിക്കാത്തത്. കെട്ടിടത്തിന് നമ്പരിടുന്നതിനുള്ള പ്രൊപ്പോസൽ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ കേളേജിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കോളേജ് പുതിയ കെട്ടടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. കോളേജിന് ചുറ്റുമതിൽ, ഗേറ്റ്, ഡ്രെയിനേജ് എന്നിവ നിർമ്മിക്കുന്നതിനുള്ള 1.25 കോടി രൂപയുടെ എസ്റ്റിമേറ്റിന് 27.06.2015-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കോളേജ് ഓഫീസ്, ലൈബ്രറി, സ്റ്റാഫ് റൂം എന്നിവയുടെ ക്യാബിൻ നിർമ്മാണത്തിനും കോളേജിലേയ്ക്കുള്ള ശുദ്ധജല വിതരണത്തിനും ആവശ്യമുള്ള ഫർണിച്ചറുകൾ വാങ്ങുന്നതിലേയ്ക്കുമായി ഈ വർഷത്തിലെ പ്ലാൻ ഫണ്ടിലെ കോളേജ് ഇൻഫ്രാസ്ടക്ച്ചർ അക്രഡിറ്റേഷൻ പ്രോഗ്രാമിൽ നിന്നും 8.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കോളേജിൽ ലാബ് സൗകര്യം ഒരുക്കുന്നതിന് ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ലാബ്, ലൈബ്രറി ശീർഷകത്തിൽ നിന്നും 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കോളേജ് അങ്കണത്തിൽ തറയോട് പാകുന്നതിനും കോളേജ് മോടി പിടിപ്പിക്കുന്നതിനുമായി ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 14.72 ലക്ഷം രൂപ കൂടി അനുവദിക്കുന്നതാണ്.

**ആംബുലൻസുകൾക്കുള്ള വേഗപരിധി**

ശ്രീ. അൻവർ സാദത്ത്: സർ, രോഗികളെയും അപകടത്തിൽ ഗുരുതരമായി പരിക്കേറ്റവരെയും എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുന്നതിനുവേണ്ടി വേഗത്തിൽ പോകുന്ന ആംബുലൻസുകൾക്ക് അമിത വേഗതയുടെ പേരിലും സിഗ്നൽ തെറ്റായി കട്ട് ചെയ്യുന്നതിന്റെ പേരിലും പലപ്പോഴും അമിതമായ പിഴയാണ് ഈടാക്കുന്നത്. അപകടത്തിൽപെടുന്നവരെയും രോഗികളെയും എത്രയും വേഗത്തിൽ ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിക്കുക എന്ന ദൗത്യമാണ് ആംബുലൻസ് ഡ്രൈവർമാർ ചെയ്യുന്നത്. വേഗത്തിൽ വാഹനം ഓടിച്ചാൽ മാത്രമേ കൃത്യസമയത്ത് രോഗികളെ ആശുപത്രിയിൽ എത്തിക്കുവാൻ കഴിയുകയുള്ളൂ. ഹൈവേകളിലും പ്രമുഖ ജംഗ്ഷനുകളിലും സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ ഈ ദൃശ്യം പകർത്തുകയും വേഗ പരിധിക്കപ്പുറത്തുപോയതുകൊണ്ടുള്ള കുറ്റത്തിന് പിഴയും ഈടാക്കുകയും ചെയ്യുന്നു. അതുപോലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലെ സിഗ്നലുകൾ ആംബുലൻസുകൾ കട്ട് ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നു. ദിവസംതോറും രണ്ടുമൂന്നു തവണ വേഗപരിധി ലംഘിച്ചു എന്നതിന്റെയും തെറ്റായി സിഗ്നൽ കട്ട് ചെയ്തതിന്റെയും പേരിൽ വലിയ പിഴയാണ് ആംബുലൻസ് ഡ്രൈവർമാരിൽനിന്നും ഈടാക്കുന്നത്. വളരെ പാവപ്പെട്ടവരും ദിവസക്കൂലിക്കാരുമായ ആംബുലൻസ് ഡ്രൈവർമാരിൽനിന്നുമാണ്

ഈ കുറ്റത്തിന് പിഴ ഈടാക്കുന്നത്. അതുപോലെ ഇവരുടെ മിനിമം വേജസിനെക്കുറിച്ച് ബഹുമാനപ്പെട്ട തൊഴിൽമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുന്നതാണ്. മിനിമം വേജസ് ഇവർക്ക് ഏർപ്പെടുത്തിയാൽ അതൊരു വലിയ കാര്യംതന്നെയാണ്. കാരണം വളരെ കഠിനാദ്ധ്വാനമുള്ള ഒരു ജോലിയാണ് ആംബുലൻസ് ഡ്രൈവർമാർ ചെയ്യുന്നത്. അതുകൊണ്ട് അവർക്ക് മിനിമം വേജസ് കൊടുക്കണം. അതുകൂടാതെ അവർക്ക് ഒരു സമയക്രമീകരണം ഏർപ്പെടുത്തണം. ഇത്ര മണിക്കൂർ എല്ലാ സ്ഥാപനങ്ങളിലും ഓടിക്കുന്ന ഡ്രൈവർമാർക്ക് ഇത്ര മണിക്കൂർ മാത്രമേ ഡ്യൂട്ടി ചെയ്യാൻ പാടുള്ളൂ എന്നത്. കാരണം അവർ കൂടുതൽ രാത്രിയും പകലും വണ്ടി ഓടിക്കുമ്പോൾ ചില സമയങ്ങളിൽ ആംബുലൻസ് പോലും അപകടത്തിൽ പെട്ടുപോകുന്ന സാഹചര്യമുണ്ടാകുന്നു. ഇവരുടെ ഉറക്കക്ഷീണവുംമൊക്കെയാണ് പലപ്പോഴും അപകട സാധ്യതകൾ കൂടുതലുണ്ടാക്കുന്നത്. അതുകൊണ്ട് അവർക്കൊരു മിനിമം വേജസ് നിർബന്ധമാക്കുക. അതോടൊപ്പംതന്നെ അവരുടെ ഡ്യൂട്ടി സമയത്തിനുള്ളിൽ ഒരു കോമൺ സ്റ്റാറ്റജി എടുത്തുകൊണ്ട് അവർ ഇത്ര മണിക്കൂർ മാത്രമേ ഡ്യൂട്ടി ചെയ്യാൻ പാടുള്ളൂ എന്നുള്ള ഒരു തീരുമാനം എടുത്താൽ നല്ലതായിരിക്കും. മനുഷ്യജീവൻ രക്ഷിക്കുക എന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ആംബുലൻസുകളെ

വേഗപരിധിയിൽ നിന്നും അനധികൃതമായി സിഗ്നൽ കട്ട് ചെയ്യുന്ന കുറ്റത്തിൽ നിന്നും ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങിവിടെ സൂചിപ്പിച്ചത് രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഒന്ന്, ആംബുലൻസിന്റെ വേഗത കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകരുത്. രണ്ട്, വേഗത കൂട്ടിയാൽ അതിന്റെ പിഴ ഈടാക്കരുത്. അതോടൊപ്പംതന്നെ ട്രാഫിക് സിഗ്നലുകളിലും അവർക്ക് ഒരു പ്രയോറിറ്റി കിട്ടണം. 1958 - ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 138(2)ഡി പ്രകാരം ആംബുലൻസുകളെയും സംസ്ഥാന സർക്കാരിന്റെ മറ്റ് പ്രത്യേക വിഭാഗത്തിൽപ്പെട്ട വാഹനങ്ങളെയും മോട്ടോർ വാഹന വകുപ്പിന്റെ എട്ടാം അധ്യായത്തിൽ നിഷ്കർഷിച്ചിരിക്കുന്ന നിയമങ്ങളിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അതാണ് സ്റ്റാന്റ്. അതോടൊപ്പംതന്നെ നിയമപരിധി ലംഘിക്കുക എന്നതിൽ, ആംബുലൻസുകളെ വേഗതാ പരിധിയിൽനിന്ന് ചട്ടപ്രകാരം ഇപ്പോൾ ഒഴിവാക്കിയിട്ടില്ല. അതുകൊണ്ട് അവരിൽ നിന്ന് പിഴ ഈടാക്കാമെന്നുള്ളതാണ് എക്സിസ്റ്റ് ചെയ്യുന്ന ഒരു സമ്പ്രദായം. അതൊഴിവാക്കാവുന്ന ഒരു നിലയിലാണ്. ഇതിന്റെ വേഗപരിധിയിൽ നിന്നും

ആംബുലൻസുകൾ, ഫയർ ഫോഴ്സ് വാഹനങ്ങൾ, ഉയർന്ന പരിധിയിൽ വരുന്ന വാഹനങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി ഗതാഗത കമ്മീഷണർ സമർപ്പിച്ച ഒരു നിർദ്ദേശം ഇപ്പോൾ നിയമവകുപ്പിന്റെ പരിധിയിലുണ്ട്. ആ പരിശോധന കൂടി പൂർത്തിയാക്കി നിയമവകുപ്പുമായി ആലോചിച്ച് അങ്ങ് ഇവിടെ നിർദ്ദേശിച്ച പ്രകാരം പരമാവധി ഒരു വിട്ടുവീഴ്ച ചെയ്യുന്നതിനുവേണ്ടി നടപടി എടുക്കുന്നതാണ്. സാധാരണ വേഗതയിൽ പെട്ടതല്ല. കാരണം ഒരു മനുഷ്യ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ആശുപത്രിയിലേയ്ക്ക് തിടുക്കത്തിൽ കൊണ്ടുപോകുന്നതാണ്. അങ്ങനെ പോകുന്ന സാഹചര്യത്തിൽ ഈ വണ്ടിയിലിരിക്കുന്ന ആളുകൾതന്നെ വേഗത്തിൽ പോകാൻ ഡ്രൈവറെ പ്രോത്സാഹിപ്പിക്കും. അപ്പോൾ അവർക്ക് നിവൃത്തിയില്ലാത്ത ഒരു ഘട്ടം വരും. മാത്രമല്ല, ഒരു ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള സേഫ് റോഡ് നമുക്കില്ലാത്തിടത്തോളം കാലം ഈ വാഹനനങ്ങൾ കടത്തി വിടുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. സാധാരണ ഗതിയിൽ ഈ വാഹനത്തിന്റെ ഹോൺ കേട്ടാൽ എല്ലാവരും മാറികൊടുക്കുകയാണ് പതിവ്. മറ്റ് വാഹനങ്ങൾ മാറികൊടുക്കുന്നതുകൊണ്ട് വേഗത്തിൽ പോകാനായി കഴിയും. അതുകൊണ്ട് ഒരു ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി എന്നുള്ള നിലയിൽ അതിനെ നിയമപരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനെക്കുറിച്ച് ഒരു ചർച്ചയുടെ

അടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതാണ്. അങ്ങ് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ലേബർ ഡിപ്പാർട്ടുമെന്റ് കൂടി സഹകരിച്ചെങ്കിൽ മാത്രമേ ഈ രണ്ടു കാര്യങ്ങൾക്കും നീക്കുപോക്ക് ഉണ്ടാകുകയുള്ളൂ. ഈ ആംബുലൻസെല്ലാം സ്വകാര്യ വ്യക്തികളുടേതും സ്ഥാപനങ്ങളുടേതുമാണ്. അങ്ങനെയുള്ള സ്ഥലത്ത് ഒരു മിനിമം വേജസ് തീരുമാനിക്കണമെങ്കിൽ ലേബർ ഡിപ്പാർട്ടുമെന്റാണ് അതിന്റെ ചർച്ച ആരംഭിക്കേണ്ടത്. സ്വാഭാവികമായിട്ടും ലേബർ ഡിപ്പാർട്ടുമെന്റ് അതിനുവേണ്ടി ഇനിഷ്യേറ്റീവ് എടുക്കും എന്നുതന്നെയാണ് എന്റെ വിശ്വാസം. അങ്ങ് ഇവിടെ സൂചിപ്പിച്ച ഒരു കാര്യം വളരെ കറക്ടാണ്. അവർ രാവും പകലുമില്ലാതെ വണ്ടി ഓടിക്കുകയും കഷ്ടപ്പെടേണ്ടിവരികയും ചെയ്യുന്നു. അതിന് ആ ഇൻസ്റ്റിറ്റ്യൂഷൻസിനും അതിന്റേതായ ബാധ്യതയുണ്ട്. ഏതായാലും ഈ വേഗപരിധിയെക്കുറിച്ച് നിയമപ്രശ്നങ്ങളും കൂടി നോക്കി ഗവൺമെന്റ് നിശ്ചയമായും ഒരു തീരുമാനമെടുക്കും.

## മണൽ ഖനനാനുമതി

ശ്രീ എളമരം കരീം : സർ, നിർമ്മാണ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാകാത്തത് ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുന്നു എന്നുള്ള വിഷയം ട്രേഡ് യൂണിയനുകളും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെ നടത്തിയ ചർച്ചയിൽ അങ്ങേയ്ക്ക് ബോധ്യപ്പെട്ടതാണ്.

ഇതിനൊരു പ്രധാനപ്പെട്ട പ്രശ്നം മണലിന്റെ ലഭ്യതയാണ്. മണൽ വാരിയെടുക്കുന്നത് നദികളിൽ നിന്നാണ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് മണൽ ഖനനത്തെക്കുറിച്ച് നാം ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ പരിമിതികളെക്കുറിച്ചും എല്ലാവർക്കുമറിയാം. അന്യസംസ്ഥാനങ്ങളിൽ നിന്നും അന്യ രാജ്യങ്ങളിൽ നിന്നും മണൽ കൊണ്ടുവരുന്നതിനെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് തീരുമാനം എടുത്തെങ്കിലും പ്രായോഗികമായി അതൊന്നും നടപ്പായിട്ടില്ല. അതുകൊണ്ട് ഇത് പതിനായിരക്കണക്കായ തൊഴിലാളികളുടെ ജോലിയെ ബാധിക്കുന്നുണ്ട്. കേരളത്തിൽ വളർന്നുവരുന്ന ഇൻഡസ്ട്രിയെയും ഇത് വലിയ തോതിൽ ബാധിക്കുന്നുണ്ട്. നദികളിലെ മണൽ ഖനനത്തിന് അനുമതി കൊടുക്കുന്നതിനു മുമ്പ് അതിലുള്ള ലഭ്യതയെ സംബന്ധിച്ച് ഓഡിറ്റ് നടത്തേണ്ടതുണ്ട്. സെസ്, സി.ഡബ്ല്യൂ.ആർ.ഡി.എം. തുടങ്ങിയ ഏജൻസികളാണ് ഓഡിറ്റ് നടത്തിയത്. ആ ഓഡിറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് പുതിയ വർഷത്തെ പെർമിറ്റ് കൊടുക്കുന്നത്. ആ ഓഡിറ്റിംഗിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് കൊടുത്തപ്പോൾ കോഴിക്കോട് ജില്ലയിൽ പ്രധാനപ്പെട്ട രണ്ടു നദികളെ പൂർണ്ണമായി നിരോധിച്ചു. വേറെ കുറെ നദികളും നിരോധനത്തിൽ വരുന്നുണ്ട്. കുറ്റ്യാടിപ്പുഴ, കോഴിക്കോട് - മലപ്പുറം ജില്ലകളെ വേർതിരിക്കുന്ന കടലുണ്ടിപ്പുഴ, ലഭ്യതയുടെ

അടിസ്ഥാനത്തിൽ സി.ഡബ്ല്യൂ.ആർ.ഡി.എം.-റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യമാണെന്ന് കണ്ടതിൽ ചാലിയാർ നദിയിൽ നിന്ന് ഒരു നിശ്ചിത അളവിൽ മണലെടുക്കാൻ അനുമതി കൊടുക്കാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് റവന്യൂ സെക്രട്ടറി ഇറക്കിയ ഉത്തരവിൽ ചാലിയാറിന്റെ ഒരു ഭാഗത്തുള്ള ഒരു പഞ്ചായത്തിൽ നിന്ന് മണൽ എടുക്കാവുന്നതാണെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. കോഴിക്കോട് - മലപ്പുറം ജില്ലകളെ വേർതിരിക്കുന്ന നദിയാണ് ചാലിയാർ. അതിന്റെ ഇരു കരകളിലുമുള്ള പഞ്ചായത്തുകളിൽ അംഗീകൃത കടവുകളുണ്ട്. അവിടെ വലിയ ഒരു തൊഴിലാളി സംഘമുണ്ട്. കഴിഞ്ഞ എട്ടുമാസമായി അവർക്ക് യാതൊരു തൊഴിലുമില്ല. ഈ റിപ്പോർട്ടിന് കാത്തിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ വാഴക്കാട് എന്നു പറയുന്ന പഞ്ചായത്തിന്റെ അതിർത്തിയിൽ മാത്രം മണൽ എടുക്കാം എന്നതാണ്. ഇത് തികച്ചും അശാസ്ത്രീയമാണ്. കാരണം എനിക്ക് ആ നദിയെക്കുറിച്ച് നന്നായി അറിയാം. അങ്ങനെ ഒരു ഭാഗത്തു മാത്രമായി മണൽ വാരില്ല. ആ നദിയിലാണ് മണൽ വരുന്നത്. ആ നദി രണ്ടു ഭാഗത്തുമുള്ള കടവുകളിൽ അവിടെ ലഭ്യമാണെന്ന് സി.ഡബ്ല്യൂ.ആർ.ഡി.എം. കണ്ടെത്തിയ മണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകാതിരിക്കുന്നത് ഒട്ടും ന്യായീകരിക്കത്തക്കതല്ല. അതുകൊണ്ട് ആ ഉത്തരവ് പുന:പരിശോധിക്കണം. ഇവിടെ നദികളിൽ നിന്നുള്ള

മണൽ ഖനനവും മറ്റും തടസ്സപ്പെടുന്നതിനനുസരിച്ച് എം. സാന്റിനും ബാഗിൽ വരുന്ന സിമന്റിനും വൻതോതിൽ വില വർദ്ധിക്കുകയാണ്. അത്തരത്തിലുള്ള ലോബികൾ ഇതിനെതിരായി പ്രവർത്തിക്കുന്നുണ്ടെന്ന ശക്തമായ ആക്ഷേപവും നിലനിൽക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കൂടിയാണ് ഞാൻ ഈ കാര്യം അങ്ങയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. അത് ഒരു പുന:.പരിശോധന നടത്തണം. മാത്രവുമല്ല ഇന്നത്തെ ഈ സങ്കീർണ്ണമായ സാഹചര്യം തൊഴിലാളി സംഘടനകളുമായി ബഹുമാനപ്പെട്ട മിനിസ്റ്റർ ഒന്നു ചർച്ച ചെയ്യാൻ കൂടി സന്നദ്ധമാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : സർ, കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 30-ാം വകുപ്പ് പ്രകാരം സർക്കാർ മൂന്നുവർഷം കൂടുംതോറും ഓരോ ജില്ലയിലേയും നദികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കും മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിലേയ്ക്കും സെസ്, സി.ഡബ്ല്യൂ.ആർ.ഡി.എം. തുടങ്ങിയ വിദഗ്ദ്ധ സമിതികളെകൊണ്ട് മണൽ ഓഡിറ്റിംഗ് നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട ഇരുപത് നദികളിൽ മണൽ ഓഡിറ്റിംഗ് നടത്താൻ വിവിധ ഏജൻസികളെ നിയോഗിച്ചു കൊണ്ട് ഉത്തരവ് ഇറക്കുകയുണ്ടായി. ഉത്തരവ് 12-9-

2012-ലാണ് ഇറക്കിയിട്ടുള്ളത്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിതിൽ ഇരുപത് നദികളിൽ 11 നദികളിലെ മണൽ ഓഡിറ്റിംഗ് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ നദികളിലെ മണലിന്റെ അളവ് ഒരു പൊതുഘടന പ്രകാരം സ്ഥലപരിശോധനയും പഠനവും നടത്തിയാണ് കണക്കാക്കിയിട്ടുള്ളത്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് മണൽ ഒരു നിശ്ചിത അളവിൽ കുറഞ്ഞഭാഗങ്ങളിൽ മണൽവാരൽ നിരോധിച്ചുകൊണ്ടും മണൽ ലഭ്യമായ പഞ്ചായത്തുകളിൽ നിന്നും വർഷംതോറും എടുക്കുവാനുള്ള മണലിന്റെ അളവ് നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നുവർഷം കഴിഞ്ഞ് ഈ നദികളിലെ മണൽ ഓഡിറ്റിംഗ് വീണ്ടും നടത്തുന്നതാണ്. അപ്പോഴത്തെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് പുതുക്കി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖനനം നടത്താൻ മണൽ ലഭ്യമാകും എന്ന് കണ്ടെത്തിയിട്ടുള്ള കടവുകളിൽ നിന്നുമാത്രമാണ് ഖനനം നടത്തുന്നതിനുള്ള അനുമതി നൽകിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിപുഴ, കടലുണ്ടിപുഴ എന്നീ നദികളിലെ ഖനനം നിരോധിച്ചതും അതുപോലെ ചാലിയാറിന്റെ ഇരു കരകളിലുമുള്ള പഞ്ചായത്തുകളിൽ

മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിനെ മാത്രം ഉൾപ്പെടുത്തി കുടിയത്തുർ, ചാത്തമംഗലം, മറവൂർ, പെരുവയൽ, രാമനാട്ടുകര, ഫറൂക്ക്, ചെറുവണ്ണൂർ പഞ്ചായത്തുകളിലെ കടവുകളെ ഒഴിവാക്കിയതും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട അംഗം എളമരം കരീം വളരെ പ്രധാനപ്പെട്ട തൊഴിൽമേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിഷയമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉത്തരവുകൾ ഇറക്കിയതാണെങ്കിലും എന്തെങ്കിലും അപാകതകൾ വന്നിട്ടുണ്ടെങ്കിൽ അതും പരിശോധിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. തീർച്ചയായും ബഹുമാനപ്പെട്ട അംഗം ഇവിടെ ഒരു ചർച്ച ഈ കാര്യത്തിനുവേണ്ടി വയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആ ചർച്ച അങ്ങയുടെ കൂടി സൗകര്യം നോക്കിക്കൊണ്ട് മറ്റുള്ള ആളുകളെ കൂടി, ശ്രീ. പി. കെ. ബഷീർതന്നെ ഇതേ വിഷയം ഇവിടെ ഉന്നയിക്കുകയുണ്ടായി. ശ്രീ. ബഷീറടക്കമുള്ള ഇതിന് താല്പര്യമുള്ള ബഹുമാനപ്പെട്ട അംഗങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇതിനൊരു ചർച്ച വയ്ക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

<u>നാലുവരിപ്പാതയ്ക്കുള്ള അനുബന്ധ നിർമ്മാണങ്ങൾ</u>

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> സർ, മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള നാഷണൽ ഹൈവേ നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാക്കിയിട്ടുള്ള കരാറിൽ പറയുന്ന വ്യവസ്ഥകൾ, പ്രത്യേകിച്ച് അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കൽ ഇതുവരെ നടന്നിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് പലതവണ ഞാൻ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. അതിനുമുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രണ്ടുതവണ ചർച്ച നടത്തി. ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചർച്ച നടത്തി. പക്ഷേ ഈ തീരുമാനങ്ങളൊക്കെയുണ്ടായിട്ടും ഇതുവരെ അനുബന്ധനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത അവസ്ഥയാണ്. ദേശീയപാത 47-ൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരും നിർമ്മാണക്കമ്പനിയും തമ്മിലുണ്ടാക്കിയ കരാറിൽ പറയുന്ന പ്രവൃത്തികളായ സർവ്വീസ് റോഡുകൾ, ബസ് ബേ, ബസ് ഷെൽട്ടറുകൾ, ഡ്രെയ്നേജുകൾ, സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ എന്നിവ ഇനിയും പൂർത്തീകരിച്ചിട്ടില്ല. പേരാമ്പ്ര, കോട്ട, കൊരട്ടി, ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സിന്റെ ഭാഗം എന്നിവിടങ്ങളിലെ സർവ്വീസ് റോഡിന്റെ നിർമ്മാണവും പേരാമ്പ്ര സബ്‌വേ നിർമ്മാണവും ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല.

കരാറിന്റെ പേരിൽ ടോൾ നിരക്ക് വർദ്ധിപ്പിക്കുമ്പോൾ കരാറിൽ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കമ്പനി തയ്യാറാകേണ്ടതാണ്. കരാറിൽ ഉൾപ്പെടുന്ന പ്രധാന അനുബന്ധ പ്രവൃത്തികൾക്കായി 90 കോടിയോളം രൂപ സംസ്ഥാന സർക്കാർ അനുവദിക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പുപ്രകാരമുള്ള വർക്കുകൾ ഇനിയും ആരംഭിച്ചിട്ടില്ല. ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലും കൊരട്ടി ജംഗ്ഷനിലും ഫ്ലൈ ഓവറിന്റെ നിർമ്മാണവും ആരംഭിക്കേണ്ടതാണ്. ആവശ്യമായ സുരക്ഷാക്രമീകരണങ്ങളും അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കാത്തതിനാൽ നിത്യേന ധാരാളം അപകടങ്ങൾ സംഭവിക്കുന്നുണ്ട്. ആയതിനാൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തേണ്ട അനുബന്ധ നിർമ്മാണപ്രവർത്തനങ്ങളും സുരക്ഷാക്രമീകരണങ്ങളും അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ടോൾ ആരംഭിച്ച് നാലുവർഷം കഴിഞ്ഞിട്ടും കരാർ വ്യവസ്ഥയിലുള്ള അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടോൾ പിരിവ് നിർത്തിവയ്ക്കാൻ നടപടിയുണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം പ്രശ്നപരിഹാരത്തിന് എത്രയും പെട്ടെന്ന് ബന്ധപ്പെട്ടവരുടെ യോഗം

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുകൂട്ടി ചർച്ച ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ദേശീയപാത വികസന അതോറിറ്റി നാലുവരിപ്പാതയായി വികസിപ്പിച്ച മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള ഭാഗത്ത് കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട 52.4 കിലോമീറ്റർ സർവ്വീസ് റോഡിൽ 50.78 കിലോമീറ്റർ റോഡ് നിർമ്മിച്ചുകഴിഞ്ഞു. ബാക്കി 1.62 കിലോമീറ്റർ ദൂരം സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ സ്ഥലമെടുപ്പ് പൂർത്തിയായതായും പണി ഉടൻ ആരംഭിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട 28 ബസ് ഷെൽട്ടറുകളുടേയും 22 ബസ് ബേകളുടേയും നിർമ്മാണം പൂർത്തിയായി. 7 ബസ് ബേകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. കൊടകര ബസ് ഷെൽട്ടറിന്റെ നിർമ്മാണം ഒരുമാസത്തിനകം പൂർത്തിയാക്കുന്നതാണ്. എഗ്രിമെന്റ് പ്രകാരമുള്ള തെരുവുവിളക്കുകളും സ്ഥാപിച്ചുകഴിഞ്ഞു. ഇതിനുപുറമെയുള്ള തെരുവുവിളക്കുകൾ സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വീസ് റോഡ് പൂർത്തിയായ സ്ഥലങ്ങളിൽ ഡ്രെയ്നേജ് സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. പരിസരവാസികളുടെ തർക്കത്തെത്തുടർന്ന് ചിലയിടങ്ങളിൽ ഡ്രെയ്നേജിന്റെ പണി തടസ്സപ്പെട്ടിരുന്നു. ഇപ്പോൾ പണി നടന്നുവരികയാണ്. ചാലക്കുടി കോർട്ട് റോഡ് ജംഗ്ഷനിലെ അണ്ടർപാസ് നിർമ്മാണത്തിന് അംഗീകാരം നൽകിയിരുന്നുവെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുകാരണം ഇതുവരെ പണി തുടങ്ങാനായിട്ടില്ല. കൊരട്ടി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് ദേശീയപാതയിൽ ചേരുന്ന ജംഗ്ഷൻ ആർ.ബി.ഡി.സി.-ക്ക് വിപുലീകരിച്ച് നിർമ്മിക്കുകയും കൊരട്ടി ജംഗ്ഷനിൽ ട്രാഫിക് സിഗ്നലിംഗ് സിസ്റ്റം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2012 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിളിച്ചുചേർത്ത യോഗ തീരുമാനപ്രകാരം എഗ്രിമെന്റിൽപെടാത്ത 22 കിലോമീറ്റർ സർവ്വീസ് റോഡ്, മേൽപ്പാലങ്ങൾ, അണ്ടർപ്പാസുകൾ എന്നിവയുടെ നിർമ്മാണം സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പണി തുടങ്ങാൻ കഴിഞ്ഞില്ല. 07.10.2013-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സർവ്വീസ് റോഡിന്റെ നിർമ്മാണം മാത്രം സർക്കാർ ഏറ്റെടുത്താൽ മതിയെന്നും ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയെ സമീപിക്കാനും തീരുമാനിച്ചു. ഇതനുസരിച്ച് സർവ്വീസ് റോഡ് നിർമ്മാണത്തിനായി 63.66 കോടി രൂപയുടെ എസ്റ്റിമേറ്റ്

ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. ബാക്കി പ്രവൃത്തികൾ ദേശീയപാത അതോറിറ്റിയെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ടോൾ പിരിവ് നിർത്തിവയ്ക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. കാരണം നമ്മൾ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് നൽകിയിട്ടുള്ളതാണ്. എഗ്രിമെന്റ് അനുസരിച്ചാണ് ഇപ്പോൾ ടോൾ പിരിവ് നടത്തിക്കൊണ്ടിരിക്കുന്നത്. മറ്റൊന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടുമൊരു യോഗം വിളിച്ചുകൂട്ടുന്നതിൽ പ്രസക്തിയില്ല. രണ്ടുമൂന്ന് യോഗങ്ങൾ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും വിളിച്ചുചേർത്തതാണ്. സംസ്ഥാന ഗവൺമെന്റ് ഫണ്ട് കണ്ടെത്തി 63.66 കോടി രൂപയുടെ ഭരണാനുമതി നൽകുക എന്നതുമാത്രമാണ് മുഖ്യമന്ത്രിയുടെ യോഗത്തിൽ എടുത്ത തീരുമാനത്തിൽ ബാക്കി നിൽക്കുന്നത്. അത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്യുന്നതാണ്. മറ്റുള്ള കാര്യങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മെഡിക്കൽ ബിരുദധാരികൾക്കുള്ള രജിസ്ട്രേഷൻ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പെർമിറ്റഡ് സീറ്റുകളിൽ അഡ്മിഷൻ നേടി ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കുന്ന ഡോക്ടർമാർക്ക് തിരുവിതാംകൂർ-കൊച്ചിൻ

മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിഷേധിക്കുകയാണ്. അഖിലേന്ത്യാ മെഡിക്കൽ കൗൺസിലിന്റെ റെക്കഗ്നിഷൻ കിട്ടിയിട്ടില്ല എന്ന കാരണമാണ് പറഞ്ഞുവരുന്നത്. എന്നാൽ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് അഖിലേന്ത്യാ മെഡിക്കൽ കൗൺസിലിന്റെ റെക്കഗ്നിഷൻ ഇല്ലെങ്കിലും അവിടെനിന്ന് പുറത്തുവരുന്ന മെഡിക്കൽ ബിരുദധാരികൾക്ക് രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്. എന്തിനധികം ചൈന, റഷ്യ തുടങ്ങി മറ്റിതര വിദേശ രാജ്യങ്ങളിൽപോയി പഠിച്ചുവരുന്ന ബിരുദധാരികൾക്കും തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്. ഇത് കൊടിയ അനീതിയാണ്. ഭരണഘടനാവിരുദ്ധമായ തുല്യ അവസരങ്ങളുടെ നിഷേധമാണ്. റെക്കഗ്നിഷൻ കിട്ടാൻ അഖിലേന്ത്യാ മെഡിക്കൽ കൗൺസിൽ മേധാവികൾക്ക് കോഴപ്പണം നൽകാത്ത സ്വകാര്യ മാനേജ്മെന്റുകൾക്കാണ് അവർ റെക്കഗ്നിഷൻ നിഷേധിക്കുന്നത്. അതിന് വിദ്യാർത്ഥികൾ എന്തിന് ശിക്ഷിക്കപ്പെടണം; ഈ അനീതി അവസാനിപ്പിക്കുവാൻ സർക്കാർ ഇപ്പോൾത്തന്നെ ആവശ്യമായ നിർദ്ദേശങ്ങൾ തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന് നൽകേണ്ടതാണ്. മാത്രമല്ല സർവ്വകലാശാല ഒരു ബിരുദം നൽകിയാൽ ആ ബിരുദമുള്ള എല്ലാവർക്കും രജിസ്ട്രേഷൻ നൽകുക എന്നതുമാത്രമാണ് ശരിയായ നീതി

എന്നറിഞ്ഞുകൊണ്ട് ഗവൺമെന്റ് ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ നേടി ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കുന്ന ഡോക്ടർമാർക്ക് രജിസ്ട്രേഷൻ നിഷേധിക്കുന്നു എന്ന കാര്യം ശരിയല്ലായെന്നുള്ളതാണ്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായും അതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. നിയമപ്രകാരം നൽകാൻ കഴിയുന്ന ആർക്കും രജിസ്ട്രേഷൻ നിഷേധിക്കുന്നില്ല. അതിൽ സ്വകാര്യ മെഡിക്കൽ കോളേജുകളെന്നോ ഗവൺമെന്റ് മെഡിക്കൽ കോളേജുകളെന്നോ ഉള്ള വ്യത്യാസമില്ല. സർവ്വകലാശാല ഡിഗ്രി കൊടുത്തുകഴിഞ്ഞാൽ ഇതനുസരിച്ചുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകുന്നത് മൂന്നുവിധത്തിലാണ്. ഒന്ന്, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽനിന്നും പാസ്സാകുന്ന കുട്ടികൾ - അതിൽ സ്വകാര്യമെന്നോ ഗവൺമെന്റെന്നോ ഉള്ള വേർതിരിവില്ല. നിയമപ്രകാരം 30 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ നൽകണം. എന്നാൽ അപേക്ഷകളിൽ അപാകതകളില്ലെങ്കിൽ ഒരുദിവസം മുതൽ 30

ദിവസത്തിനുള്ളിൽ നൽകും. അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചശേഷം പരമാവധി 30 ദിവസത്തിനുള്ളിൽ നൽകും. സ്വകാര്യ മെഡിക്കൽ കോളേജുകളെന്നോ സർക്കാർ മെഡിക്കൽ കോളേജുകളെന്നോ ഉള്ള വ്യത്യാസമില്ലാതെതന്നെ നൽകും. കേരളത്തിന് പുറത്തുള്ള, അതായത് മറ്റ് സ്റ്റേറ്റുകളിലുള്ളവർക്ക് 30 ദിവസത്തിനുള്ളിൽ നൽകും. വിദേശരാജ്യങ്ങളിൽ പഠിച്ചുവരുന്നവർക്കാണ് ചില നടപടിക്രമങ്ങൾ കൂടുതലുള്ളത്. എന്തായാലും ഇക്കാര്യം വളരെ ഗൗരവത്തോടുകൂടിത്തന്നെ പരിശോധിക്കും. യാതൊരു വേർതിരിവുമില്ലാത്ത രീതിയിൽ രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാഷ്വാലിറ്റി മെഡിക്കൽ ഓഫീസേഴ്സ് തസ്തിക

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഏക സർക്കാർ ആശുപത്രിയാണ് മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. 2009-ൽ ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തുവെങ്കിലും ഇതുവരെയും അതിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ല. 116 കിടക്കകളുള്ള ഈ ആശുപത്രിയിൽ ദിവസേന എണ്ണൂറും ആയിരത്തിനുമിടയിൽ

രോഗികൾ ചികിത്സയ്ക്കായി വരുന്നുണ്ട്. ഈ ആശുപത്രിയിൽ സ്ഥിരമായി ക്യാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്താത്തതുകൊണ്ട് രോഗികൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. അടിയന്തരഘട്ടങ്ങളിൽ, സാധാരണക്കാരായ പാവപ്പെട്ട രോഗികൾ മറ്റ് പ്രൈവറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതിയാണുള്ളത്. പ്രത്യേകിച്ച്, മഴക്കാല പൂർവ്വരോഗങ്ങൾ, പനി ഉൾപ്പെടെയുള്ള രോഗങ്ങൾ ഇന്ന് പടർന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ രോഗികൾ ആശുപത്രിയിലെത്തിയാൽ ഡോക്ടർമാരില്ലാതെ തിരിച്ചുപോകേണ്ട സ്ഥിതിയാണ് ഈ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ളത്. ഇവിടെ നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയെങ്കിലും സൃഷ്ടിച്ചാൽ മാത്രമേ സ്ഥിരമായി കാഷ്വാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഈ വിഷയം സഭയിൽ പലതവണ ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ ഇതുവരെ ഇതിന് പരിഹാരമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ തടസ്സമാണ് ഇതിന് പ്രധാന കാരണമെന്നും പറയുന്നുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആശുപത്രിക്കാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നതിനും പണം ചെലവഴിക്കുന്നതിനെ സംബന്ധിച്ചും ഒരു പ്രത്യേക പരിഗണന നൽകണമെന്നാണ് എനിക്ക് സർക്കാരിനോട് ആവശ്യപ്പെടാനുള്ളത്.

ജില്ലാ ആസ്ഥാനത്തെ ഏക സർക്കർ ആശുപത്രി എന്ന നിലയിൽ, എത്രയും വേഗം കാഷ്വാലിറ്റിയിൽ നാല് മെഡിക്കൽ ഓഫീസറുടെ തസ്തിക സൃഷ്ടിക്കാനും അതിനെടുക്കുന്ന കാലതാമസത്തിനുള്ളിൽ, എൻ.ആർ.എച്ച്.എം.-ൽനിന്ന് ഡോക്ടർമാരെ നിയമിക്കാനും ഗവൺമെന്റ് തീരുമാനമെടുക്കണം. എൻ.ആർ.എച്ച്.എം. വഴി നിയമിക്കപ്പെടുന്ന പല ഡോക്ടർമാരും കാഷ്വാലിറ്റിയിൽ വർക്ക് ചെയ്യാൻ തയ്യാറാകുന്നില്ല എന്നൊരു സ്ഥിതി നിലനിൽക്കുകയാണ്. അവിടെ സ്ഥിരം ഡോക്ടമാർ വരുന്നതുവരെ എൻ.ആർ.എച്ച്.എം. ഡോക്ടർമാരെകൊണ്ട് നിർബന്ധിതമായും കാഷ്വാലിറ്റിയിൽ ജോലി ചെയ്യിക്കുന്നതിനുള്ള നടപടി ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, 116 കിടക്കകൾ അനുവദിച്ചിട്ടുള്ള മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ശരാശരി ഐ.പി. നൂറ്റമ്പതും ഒ.പി. ആയിരത്തോളവുമാണ്. കൂടാതെ, ന്യൂ ബോൺ കെയർ യൂണിറ്റും പ്രസവ വാർഡിലുള്ള പുതിയ കെട്ടിടം സജ്ജമാക്കിയതിൽ 40 കിടക്കകളുടെ സൗകര്യവുമുണ്ട്. ഈ ആശുപത്രിയിൽ നാല് മെഡിക്കൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള

പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിൽ ഇപ്പോൾ ഏകദേശം 35-ഓളം താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി പ്രവർത്തിക്കാത്ത സാഹചര്യമുള്ളതുകൊണ്ട് അതിനായി തുക ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. 131-ഓളം ഡോക്ടർമാരെ കാഷ്വാലിറ്റിയിൽ നിയമിച്ചുകൊണ്ട് കാഷ്വാലിറ്റി സംവിധാനം ശക്തമാക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ പ്രൊപ്പോസൽ ഉടനെ വരുന്നതാണ്. ആ ഒരു സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് പ്രസ്തുത ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.